പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 532 **13-10-2026-ൽ മറുപടിയ്ക്ക്**

കൊച്ചി തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കായി വ്യവസായ സംരംഭകത്വ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കൊച്ചി തീരദേശ മണ്ഡലത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഉപജീവനത്തിനപ്പുറം പുതിയ വ്യവസായ-സംരംഭകത്വ മേഖലകളിലേക്ക് കടന്നുവരുന്നതിനും മൂല്യവർദ്ധിത മത്സ്യോല്പന്ന സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെ ആരംഭിക്കുന്നതിനും വ്യവസായ വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന പ്രത്യേക പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് ഫുഡ് പ്രൊസസ്സിംഗ് എന്റർപ്രൈസസ് (PMFME) പദ്ധതിയിലൂടെ ചെറുകിട മത്സ്യ സംസ്കരണ-മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് 35% വരെ സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു.

(ബി) തീരദേശ മേഖലയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന മത്സ്യത്തൊഴിലാളികൾക്കും ചെറുകിട കൂട്ടായ്മകൾക്കും സർക്കാർ നൽകുന്ന മൂലധന സബ്സിഡികൾ, സാമ്പത്തിക ആനുകൂല്യങ്ങൾ, സാങ്കേതിക സഹായം, മാർക്കറ്റിംഗ് പിന്തുണ എന്നിവ എന്തൊക്കെയാണെന്നും ഇത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഭാവിയിൽ പുതിയ എന്തെല്ലാം പ്രത്യേക പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

മറുപടി: കൊച്ചി തീരദേശ മണ്ഡലത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഉപജീവനമേഖലയ്ക്കപ്പുറം പുതിയ വ്യവസായ-സംരംഭകത്വ മേഖലകളിലേക്ക് കടന്നുവരുന്നതിനായി വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി (ESS)

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്ക പലിശ ഇളവ് നൽകുന്നതാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി.

3.ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി

വായ്പാധിഷ്ഠിത പ്രോജക്കുകൾക്ക് Margin MoneyGrant നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

4.നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി

5. **ജില്ലാതല MSME പ്രദർശനങ്ങൾ:** സംസ്ഥാനത്തെ 14 ജില്ലകളിലും പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വ്യവസായ വകുപ്പ് പ്രത്യേക പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു.

6.**ദേശീയ-അന്തർദേശീയ മേളകൾ:** ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര വ്യാപാരമേള (IITF), ക്രാഫ്റ്റ് മേളകൾ, അഗ്രോ ഫുഡ് പ്രോ (Agro Food Pro) തുടങ്ങിയ വലിയ മേളകളിൽ പങ്കെടുക്കാൻ പ്രാദേശിക സംരംഭകർക്ക് വ്യവസായ വകുപ്പ് അവസരം നൽകുന്നു.

7. പ്രാദേശിക ഉൽപ്പന്നങ്ങൾ ഡിജിറ്റൽ വിപണിയിലേക്ക് എത്തിക്കാൻ വ്യവസായ വകുപ്പ് പ്രത്യേക സെമിനാറുകളും സൗകര്യങ്ങളും ഒരുക്കുന്നു.

8. കേന്ദ്ര സർക്കാരിന്റെപൊതു ഡിജിറ്റൽ വിപണിയായ ONDC (Open Network for Digital Commerce), പോർട്ടലായ GeM (Government e-Marketplace) എന്നിവയിലൂടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ സംരംഭകരെ സാങ്കേതിക സഹായങ്ങൾ സജ്ജരാക്കുകയും നൽകുകയും ചെയ്യുന്നു.

(സി) സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് തടസ്സങ്ങൾ കൂടാതെ ഏറ്റവും ലളിതമായ നടപടിക്രമങ്ങളിലൂടെ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കാനും സംരംഭങ്ങൾ ആരംഭിക്കാനും വ്യവസായ വകുപ്പിന്റെ പ്രത്യേക ഫെസിലിറ്റേഷൻ സെന്ററുകൾ വഴിയോ ഏതെങ്കിലും ലളിതമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

മറുപടി: ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സംരംഭകർക്കായി കെ-സ്വിഫ്റ്റ് (K-SWIFT) സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം ഉപയോഗിക്കാവുന്നതാണ്. ഇതുവഴി വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ, എൻ.ഒ.സി (NOC), ക്ലിയറൻസുകൾ എന്നിവ ഒരൊറ്റ ഓൺലൈൻ അപേക്ഷയിലൂടെ വേഗത്തിലും സുതാര്യമായും ലഭ്യമാകുന്ന സംരംഭം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിയമിച്ചിട്ടുള്ള റിസോഴ്സ് പെഴ്സൺമാരുടെ സേവനവും അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർ (BDSP)-മാരുടെ സേവനവും സംരംഭകർക്ക് ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ